Sri. D. Gnanasigamoni: Are the Government aware that some of the Societies are deteriorating? Do they propose to encourage them?

Sri. T. K. Narayana Pillai: Yes.

ശ്രീ. ശ്രീ. വി. താണ്. குறிப்பிட்ட சமுதாயங்களுக்கென ஏதாவது Societies இருக்கின்றதா?

Sri. T. K. Narayana Pillai: There are Co-operative Societies intended for the exclusive use of the Harijans.

ശ്രീ. ഇട്ടീര അയ്യക്കൻ: സാമുദായികാടിസ്ഥാനത്തിലുള്ള ഏതെങ്കിലും co-operative സൊസൈറ്റിക്ക ഗവണ്മെണ്ടിൽനിന്നും പ്രോത്സാഹനം നൽകുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: തത്വപരമായിട്ട പറയുകണാണെങ്കിൽ ഇല്ല.

Sri. R. K. Ram: Is there any Society for the use of any particular community?

Sri. T. K. Narayana Pillai: No; only for Harijans.

ടാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ്

*൩൨൫. (൫) ശ്രീ. കണ്ണാറ തോപ്പിലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ടാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറ വകയായി ഇപ്പോൾ എത്ര ബസ്സുകൾ സർവ്വീസിൽ ഉണ്ടെന്ന പറയാമോ;

(ബി) കേടായി കിടക്കുന്നവ എത്രയെന്ന പറയാമോ;

(സി) ഇപ്പോൾ സർവ്വീസിൽ എത്ര ഡ്രൈവറന്മാരും എത്ര കൺടക്ടറന്മാരും ഉണ്ടെന്ന പറയാമോ;

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) വിവിധതരത്തിലുള്ളവയായി ഇപ്പോൾ ൨൫൭ ബസ്സുകൾ ഓടുന്നുണ്ട്. കൂടാതെ ബ്രേക്ക്ഡൌണും മറ്റും നിമിത്തം അപ്പോഴപ്പോൾ ഉണ്ടാകുന്ന ആവശ്യങ്ങൾക്ക ഉപയോഗിക്കാൻ വേണ്ടി ൧൨ റിസർവ് ബസ്സുകളും ഉണ്ട്.

(ബി) ഇപ്പോൾ എല്ലാ ഗ്യാരേജുകളിലുംകൂടി ൪൫ വണ്ടികൾ കിടപ്പുണ്ട്. ഇവ വളരെ പഴക്കമുള്ളതും ബുക്കുവാല്യം ഇല്ലാത്തതും സ്ക്രാപ്പു ചെയ്യേണ്ടവയുമാണ്.

(സി)

ഡ്രൈവർമാർ	സ്ഥിരം	൪൯൩
,,	പ്രൊബേഷണറി	൩൭
,,	റിസർവ്	൧൭
	ആകെ	൫൧൭
കൺടക്ടർമാർ	സ്ഥിരം	൪൫൦
,,	പ്രൊബേഷണറി	൧൫
,,	പകരം	൧൨
,,	റിസർവ്	൭൨
	ആകെ	൫൫൦

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണിക്കർ : ഇവരുടെയെല്ലാം ഉദ്യോഗം പെൻഷനബിൾ സർവ്വീസായി പരിഗണിച്ചിട്ടുണ്ടോ;

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണിക്കർ : ഈ സർവ്വീസു തുടങ്ങിയപ്പോൾ ഉണ്ടായിരുന്ന ഡ്രൈവർമാരുടെ സർവ്വീസും പെൻഷനബിൾ അല്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള : അല്ല.

ശ്രീ. ഇട്ടീര അയ്യക്കൻ : അവരുടെ സർവ്വീസു പെൻഷനബിൾ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനെപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈപ്പൻ അറക്കൽ : റിസർവിൽ നൂറു ബസ്സുകൾ ഉണ്ടെന്നു പറയുന്നു. ഇവ എവിടെയെല്ലാമാണു കിടക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : പ്രധാനപ്പെട്ട കേന്ദ്രങ്ങളിലാണു്.

ശ്രീ. എം. ഐ. പോൾ : ബസ്സു് ഓടിക്കോണ്ടിരിക്കുമ്പോൾ വഴിക്കുവച്ചു് വല്ല തകരാറും പറ്റിയാൽ അതിലെ ഡ്രൈവർക്കു ബസ്സിന്റെ കേടുപാടുതീർക്കാൻ പാടില്ലെന്നു നിബന്ധനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്. അങ്ങിനെ തകരാറുകൾ ഉണ്ടായാൽ വിവരം ഹെഡ്കപാർട്ടേഴ്സിൽ അറിയിക്കയും അവിടെനിന്നും ആളുകൾവന്നു നന്നാക്കുകയും വേണമെന്നാണു് നിർദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ : യാത്രക്കാർക്കു അതുമൂലം പല അസൗകര്യങ്ങളുമുണ്ടാകുമെന്നു ഗവൺമെൻറിനറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെയും വരാം.

ശ്രീ. എ. കെ. പാച്ചുപിള്ള : ചിലപ്പോൾ ബസ്സുകൾക്കു കേടുപറ്റുകയും തൻമൂലം യാത്രക്കാർ കാൽനടയായി പോകേണ്ടിവരികയുംചെയ്യുന്നു എന്നു് ഗവൺമെൻറിനു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. എം. ഐ. പോൾ : വഴിക്കുവച്ചു് ബസ്സിനു കേടുപറ്റിയാൽ നന്നാക്കുന്നതിനുള്ള അധികാരം അതിലെ ഡ്രൈവർക്കു കൊടുക്കുന്നതിനു വല്ല തടസ്സവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള : ബസ്സുകളിൽ ഓവർലോഡില്ലാതെ ഓടിക്കുന്നതിനു ഇന്നത്തെ കണക്കനുസരിച്ചു് എത്ര ബസു കൂടുതൽ വേണമെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉദ്ദേശം ൧൦൦ ബസ്സുകൾ കൂടുതലായി വേണ്ടിവരും.

ശ്രീ. എ. താണുപിള്ള : അതു വാങ്ങിക്കാൻ ഗവൺമെൻറു് വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിൽ കുറെ എണ്ണം വാങ്ങിക്കുന്നതിനു ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. അതായതു് ൪൫ ബസ്സുകൾകൂടി വാങ്ങിക്കുന്നതിനു ഓർഡർ കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഏ. താണുപിള്ള : ഇപ്പോൾത്തന്നെ ബസ്സുകൾ വളരെ കുറവാണെന്നുള്ള ബോദ്ധ്യം ഗവൺമെൻറിനില്ലെ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്. അതിൻെറ ഫലമായിട്ടാണെല്ലൊ കൂടുതൽ വാങ്ങിക്കണമെന്നു ഉദ്ദേശിക്കുന്നതു്.

ശ്രീ. ഏ. താണുപിള്ള : ആവശ്യമുള്ള ഫ ൦ ൦ ബസ്സിനും ബഡ്ഡറിൽ പ്രൊവിഷനുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള : ഫ ൦ ൦ ബസ്സിനും പ്രൊവിഷൻ ഇല്ല.

ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി : തിരുവനന്തപുരം സിറ്റിക്കു അകത്തു പ്രൈവറ്റു ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. പി. കെ. കുഞ്ഞശാസ്ത്രി : ഇന്നലെ മുതൽ സിറ്റിക്കകത്തു പ്രൈവറ്റു ബസ്സ് സർവ്വീസു നടത്തുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കുമൊ?

ശ്രീ. ടി. കെ. നാരായണപിള്ള : വിശ്വസിക്കാൻതക്കവണ്ണം ശരിയായ അറിവുകൾ എനിക്കില്ല.

ശ്രീ. ഇട്ടിര അമ്പൂക്കൻ : ൪ ൫ ബസ്സുകൾക്കു കാർഡർ കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. ഏതു കമ്പനിക്കാണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ : പൊതുജനങ്ങളുടെ സൗകര്യത്തിനെ ഉദ്ദേശിച്ചു് ടാൻസ്റ്റോർട്ട് ലൈനിൽ പ്രൈവറ്റു കമ്പനിക്കാർക്കുകൂടി സർവ്വീസ് നടത്താൻ അനുവദിക്കുന്ന കാര്യത്തിൽ വല്ല അഭിപ്രായവ്യത്യാസവുമുണ്ടൊ?

ശ്രീ. ടി. കെ. നാരായണപിള്ള : : അതിനു ചില സാങ്കേതിക തടസ്സങ്ങളുണ്ടു്.

അഞ്ചൽ ജീവനക്കാർ

*൩൨൯. (൩) ശ്രീമതി ദേവകി ഗോപിദാസു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നതിനെ സംബന്ധിച്ചു് തിരുവിതാംകൂർ–കൊച്ചി ഗവൺമെൻറിൽനിന്നും കേന്ദ്രഗവൺമെൻറിൻെറ അടുക്കൽ വല്ല നിവേദനവും നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ നിവേദനത്തിൻെറ സ്വഭാവം എന്തായിരുന്നു;

(സി) കേന്ദ്രഗവൺമെൻറിൻെറ മറുപടി എന്തായിരുന്നു എന്നു പറയുവാൻ ദയവുണ്ടാകുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈയും വകുപ്പുമന്ത്രി : (ശ്രീ. ടി. ടി. കെ. നാരായണപിള്ള) :

(എ) രണ്ടു ഗവൺമെൻറുകളുമായി ഇതേപ്പറ്റി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടു്.

(ബി) ഈ വിവരങ്ങൾ ഫ ൩—ഫ —ഫ ൯ ൫ ഫ-ലെ ഗവൺമെൻറു പ്രസ് നോട്ടിൽ വ്യക്തമാക്കിയിട്ടുണ്ടു്.

(സി) മറുപടി ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly